A

512

# സമഗ്രശിക്ഷാ കേരളം
## പാദവാർഷിക മൂല്യനിർണ്ണയം 2023-2024
## മലയാളം
## അടിസ്ഥാനപാഠാവലി

ക്ലാസ് : 5

സമയം: 2 മണിക്കൂർ

### *നിർദേശങ്ങൾ*

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. ആകെ ആറു പ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട്. ആദ്യത്തെ പ്രവർത്തനം നിർബന്ധമായും ചെയ്യണം. ബാക്കിയുള്ള അഞ്ചു പ്രവർത്തനങ്ങളിൽ നാല് എണ്ണത്തിനു ഉത്തരമെഴുതിയാൽ മതി.

---

പ്രവർത്തനം 1 - വായിക്കാം എഴുതാം

തണൽ കിട്ടാതെ
മൃഗങ്ങൾ വലഞ്ഞു
അവർ ചോദിച്ചു
" കണ്ണിനു കുളിരാം
മരമെവിടെ?
കുടിനീരേകും
പുഴയെവിടെ?"
കൊച്ചുമാൻപേട ചൊല്ലി
" ദൂരെ മനുഷ്യൻ മലയിടിച്ചു നിരത്തുന്നു.
പുഴയിൽ നിന്ന് മണലൂറ്റുന്നു.
പിന്നെങ്ങനെ പുഴകൾ ഒഴുകും?
എങ്ങനെ മരങ്ങൾ ചിരിക്കും?"

ജോമിന സി. ജോർജ്

1. തണൽ കിട്ടാതെ വലഞ്ഞത് ആരാണ്?

   (മരങ്ങൾ, മനുഷ്യർ, മൃഗങ്ങൾ)

2. കണ്ണിനു കുളിരായ മരങ്ങളുടെ അവസ്ഥ

   (മലയിടിച്ചു നിരത്തുന്നതിനാൽ ചിരിക്കാൻ കഴിയുന്നില്ല, മാനുകളോടു കൂട്ടുകൂടി രസിക്കും, പുഴയെ നോക്കി നിൽക്കും)

3. പുഴകൾക്ക് ഒഴുകാനാകാത്തതിന്റെ കാരണം

   (മണലൂറ്റുന്നതുകൊണ്ട്, മരങ്ങൾ നിറയുന്നതുകൊണ്ട്, മീനുകൾ ഇല്ലാത്തതു കൊണ്ട്)

4. പറയുക എന്നർത്ഥം വരുന്ന പദം തിരഞ്ഞെടുത്തെഴുതുക

   (തെല്ല്, ചൊല്ലി, നൽകി)

5. കാതിനു തേനായി അടിവരയിട്ട പ്രയോഗത്തിന് സമാനമായ പ്രയോഗം പദ്യഭാഗത്തു നിന്നു കണ്ടെത്തി എഴുതുക.

(കണ്ണിനു കുളിരാം, അവൻ ചോദിച്ചു, പുഴയെവിടെ)

**പ്രവർത്തനം 2 - അനുഭവക്കുറിപ്പ്**

"ഒന്നാമത് വഴിയുടെ നടുക്കാണ് ആ മരം നിൽക്കുന്നത്
വളർന്നു വലുതായാൽ അതിന്റെ കായ്കൾ
പൊട്ടിത്തെറിച്ച് പഞ്ഞി
നാലുചുറ്റും പറന്നു നടക്കും. അതെല്ലാവർക്കും
ശല്യമായിത്തീരും."

വല്യച്ഛന്റെ ഈ വാക്കുകൾ ബാലചന്ദ്രനിൽ സങ്കടമുണ്ടാക്കിയെന്ന് നിങ്ങൾക്കറിയാമല്ലോ, അതുപോലെ മരത്തിനും സങ്കടമുണ്ടായിട്ടുണ്ടാകും. മുറിച്ചുകളയാൻ തീരുമാനിക്കപ്പെട്ട മരമാണ് താനെന്നു തിരിച്ചറിയുന്ന മരത്തിന്റെ ചിന്തകൾ എഴുതുക.

**പ്രവർത്തനം 3 (എ) - ഓർമ്മക്കുറിപ്പ്**

അമ്മയ്ക്കൊരു താക്കോല് വേണത്രേ . . .
നമ്മളെ രണ്ടാളേം പൂട്ടിയിടാനാണെന്ന്
പറയണ കേട്ടു.

അതില്ലാച്ചാ,
ആരും കാണാതെ നമ്മള്
പഞ്ചാരമിഠായിണ്ടാക്കിക്കളിക്കില്ലേ?

ഹർഷ എം.

നിങ്ങളുടെ ഓർമ്മയിലെ രസകരമായ സംഭവങ്ങൾ ഉൾപ്പെടുത്തി ഓർമ്മക്കുറിപ്പ് തയ്യാറാക്കുക

(ബി)

ജിൻ ഗിയാനോ ആരായിരുന്നു?

(വ്യാപാരി, കർഷകൻ, ആട്ടിടയൻ)

**പ്രവർത്തനം 4 (എ)- വിശകലനക്കുറിപ്പ്**



കെ. സതീഷ് - ഹരണഫലം

മുകളിലെ ചിത്രം കണ്ടില്ലേ. പുതിയ നാമ്പുകൾ മുളപ്പിച്ചു വീണ്ടും വളരാൻ ശ്രമിക്കുന്ന മരം ചിത്രത്തിലുണ്ട്.

നിരവധി തവണ പരിശ്രമിച്ചിട്ടും ബാലചന്ദ്രന് ഇലവുമരത്തെ രക്ഷിക്കാനായില്ല എന്ന് നിങ്ങൾക്കറിയാം. ചിത്രത്തേയും മനുഷ്യന്റെ ദയയില്ലാത്ത പ്രവർത്തനങ്ങളെയും വിശകലനം ചെയ്ത് കുറിപ്പുതയ്യാറാക്കുക.

**(ബി)**

ഭംഗിയിൽ പണിത കൂട്ടിനുള്ളിൽ രണ്ടു മുട്ടകൾ . . !

ആരുടേതാണവ?

(ബുൾബുൾ, വേഴാമ്പൽ, തത്ത)

**പ്രവർത്തനം 5 (എ)- കത്ത്**

പ്രകൃതിയെ മഹാഗുരുനാഥനായി സങ്കൽപ്പിക്കുകയാണ് 'എന്റെ വിദ്യാലയത്തിൽ' ഒളപ്പമണ്ണ. നിരവധി കാര്യങ്ങൾ നിങ്ങളും പ്രകൃതിയിൽ നിന്നു പഠിക്കുന്നുണ്ട്. കണ്ടും കേട്ടും അനുഭവിച്ചും മനസ്സിലാക്കിയ കാര്യങ്ങൾ വിശദീകരിച്ചുകൊണ്ട് കൂട്ടുകാരനു കത്ത് തയ്യാറാക്കുക.

**(ബി)** " മധുരമിജ്ജീവിതം ചെറുതാണെന്നാകിലും"

എന്നു പറയുന്നത് ആരാണ്?

(മധുപങ്ങൾ, മുൾച്ചെടി, ആകാശം)

പ്രവർത്തനം 6 - ആസ്വാദനക്കുറിപ്പ്

**മുന്നറിയിപ്പ്**

കാഴ്ചകൾ കാണാൻ പോകുന്നവരേ;
കാര്യം നമ്മൾ പറഞ്ഞേക്കാം.
കാണണമെന്നു വിചാരിക്കുന്നതു
കാണാൻ ചെന്നാൽക്കാണില്ല!
കടലുകൾ കാണാൻ പോയിട്ടീ ഞാൻ
കണ്ടതു നീളേ തിരമാല;
കപ്പലുകാണാൻ പോയിട്ടീ ഞാൻ
കണ്ടതുകൂറ്റൻ മണിമേട.
കാടുകൾ കാണാൻ പോയിട്ടീ ഞാൻ
കണ്ടതു നീളേ മരമല്ലോ;
കാണാൻ ചെന്നൂ വാരിക്കുഴി ഞാൻ,
കണ്ടതു കൂറ്റൻകിണറല്ലോ.
കാഴ്ചകൾ കാണാൻ പോകുന്നവരേ,
കാര്യം നമ്മൾ പറഞ്ഞേക്കാം;
കാണണമെന്നു വിചാരിക്കുന്നതു
കാണാൻ ചെന്നാൽക്കാണില്ല!

അക്കിത്തം

'മുന്നറിയിപ്പ്' എന്ന കവിതയ്ക്ക് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.